(ഇ) പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഒരു ഭാഗം വാണിജ്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് കൊടുത്തിരുന്നുവോ;

(എഫ്)ഇതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പതിച്ചു നൽകിയിട്ടുണ്ട്.

(ബി) സൗജന്യമായി പതിച്ചുകൊടുക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സി) സെന്റൊന്നിന് രണ്ട് ലക്ഷം രൂപ.

(ഡി) സർക്കാർ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സർവ്വീസ് സംഘടന എന്ന നിലയിലുള്ള പരിഗണനയുടെ അടിസ്ഥാനത്തിലാണ് സൗജന്യമായി പതിച്ചു നൽകിയത്.

(ഇ)&(എഫ്) വാടകയ്ക്ക് കൊടുത്തിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വാണിജ്യാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നതായി മുൻപ് ശ്രദ്ധയിൽപ്പെടാതിരുന്നതുകൊണ്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

69 (593) കോട്ടയം ജില്ലയിലെ വില്ലേജ്മാൻ തസ്തികയിലെ ഒഴിവുകൾ

ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയ്ക്കു വേണ്ടി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലയിൽ വില്ലേജ്മാന്റെ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ 99 ഒഴിവുകളുണ്ട്. ഇതിൽ 94 ഒഴിവുകൾ പി.എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

70 (594) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ നിർത്തലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ഗ്രൂപ്പു വില്ലേജുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly